# ശ്ലീഹാകാലം
## വചന വിചിന്തനം
## ശ്ലീഹാകാലം : അഞ്ചാം ഞായർ
### ലൂക്കാ 12,16 – 34

*കർത്താവ് പറയുന്നു;*
*"പഴകിപ്പോകാത്ത പണസഞ്ചികൾ കരുതിവയ്ക്കുവിൻ."*
*കരുതിവയ്ക്കേണ്ട ഇടം സ്വർഗ്ഗമാണ്.*
*കാരണം, അവിടെ കള്ളൻമാർ കടന്നുവരുകയോ*
*ചിതൽ നശിപ്പിക്കുകയോ ഇല്ല.*
*ഒപ്പം, നിന്റെ നിക്ഷേപം എവിടെയോ*
*അവിടെയാകും നിന്റെ ഹൃദയവും.*

**ഭോഷനായ ധനികനിലൂടെ ക്രിസ്തു വരച്ച് കാണിക്കുന്നത് സമ്പത്തിൽ ആശ്രയിക്കുന്നതിന്റെ മൗഢ്യത്തെ കുറിച്ചാണ്!**

ദൈവപരിപാലനയ്ക്ക് മറ്റൊരുവാക്കു കുറിച്ചിടുകയാണെങ്കിൽ ആ വാക്കിനെ സമർപ്പണം എന്ന് വിളിക്കാനാണ് എനിക്കിഷ്ടം. കാരണം, അതൊരു വിട്ടുകൊടുക്കലാണ്. വായ കീറിയവൻ ഇലയും തരും എന്നുള്ള ബോദ്ധ്യത്തോടു കൂടെയുള്ള കീഴടങ്ങൽ. എന്നെ സൃഷ്ടിച്ചവൻ എന്നെ പരിപാലിക്കും എന്നുള്ള ഉറപ്പ്. വചനങ്ങൾക്കിടയിൽ ക്രിസ്തു ഭോഷനെന്ന് വിളിക്കുന്നത് ഒരുവനെ മാത്രമാണ്. അവന്റെ പേര് സുവിശേഷകൻ കുറിച്ച് വച്ചിട്ടില്ല. പക്ഷെ, അവനെകുറിച്ചുള്ള വിശേഷണം സുവിശേഷകൻ കുറിച്ച് വച്ചിട്ടുണ്ട്, "ഭോഷനായ ധനികൻ!"

ക്രിസ്തു ജനക്കൂട്ടത്തെ വചനം പഠിപ്പിച്ചുക്കൊണ്ടിരിക്കുമ്പോൾ ജനക്കൂട്ടത്തിൽനിന്ന് ഒരുവൻ ക്രിസ്തുവിനോടു പറഞ്ഞു:

"ഗുരോ, പിതൃസ്വത്ത് ഞാനുമായി പങ്കുവയ്ക്കാൻ എന്റെ സഹോദരനോടു കൽപിക്കണമേ!"

ഇതുകേൾക്കുന്ന ക്രിസ്തു അവനോടു ചോദിക്കുകയാണ്:

"ഹേ, മനുഷ്യാ, എന്നെ നിങ്ങളുടെന്യായാധിപനോ സ്വത്തു ഭാഗിക്കുന്നവനോ ആയി ആരു നിയമിച്ചു?"

തുടർന്ന്, ക്രിസ്തു ദൈവത്തിൽ ആശ്രയിക്കാതെ തങ്ങളുടെ തന്നെ കഴിവിലും സമ്പത്തിലും ആശ്രയിക്കുന്നവർക്ക് ശക്തമായ താക്കീത് നൽകുകയാണ്; "ജാഗരൂകരായിരിക്കുവിൻ. എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്."

ഇതേ തുടർന്ന് ദൈവത്തിലാശ്രയിക്കാതെ തങ്ങളുടെ കഴിവിലും സമ്പത്തിലും ആശ്രയിക്കുന്നവർക്ക് സംഭവിക്കുന്ന വലിയ ആപത്തിനെ ഒരു ഉപമയിലൂടെ വരച്ച് കാണിക്കുകയാണ്.

ഒരു ധനികന്റെ കൃഷി സ്ഥലം സമൃദ്ധമായ വിളവു നൽകി. ആ ധനികൻ ഇപ്രകാരം ചിന്തിക്കുകയാണ്: "ഞാനെന്തു ചെയ്യും? ഈ ധാന്യം മുഴുവൻ സൂക്ഷിക്കാൻ എനിക്കു സ്ഥലമില്ലല്ലോ. അതുകൊണ്ട് ഞാൻ ഇങ്ങനെ ചെയ്യും, എന്റെ അറപ്പുരകൾ പൊളിച്ച്, കൂടുതൽ വലിയവ പണിയും; അതിൽ എന്റെ ധാന്യവും വിഭവങ്ങളും സംഭരിക്കും. എന്നിട്ട്, ഞാൻ എന്റെ ആത്മാവിനോടു പറയും: ആത്മാവേ, അനേകവർഷത്തേക്കു

വേണ്ടി വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു. വിശ്രമിക്കുക, തിന്നുകുടിച്ച് ആനന്ദിക്കുക.''

പക്ഷെ, ദൈവത്തിന്റെ പദ്ധതി മറ്റൊന്നായിരുന്നു. തന്റെ സ്വപ്നങ്ങളുമായി കിടന്നുറങ്ങുന്ന ആ ധനികന്റെ അടുത്ത് ദൈവം പറഞ്ഞു:

''ഭോഷാ, ഈ രാത്രി നിൻെറ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതാകും?''

പേടിപ്പെടുത്തുന്ന ചോദ്യമാണ് ദൈവം ആ ധനികനോട് ചോദിച്ചത്! പങ്കുവയ്ക്കാതെ ഞാൻ സ്വരുകൂട്ടിയതെല്ലാം എന്നെ ധനികനാക്കിയിട്ടുണ്ട്. അത് സമ്പത്ത് മാത്രമാകണമെന്നില്ല്. മറിച്ച്, സ്നേഹം, കരുണ, നന്മ, വിശുദ്ധി... ഇങ്ങനെ എന്തുമാകാം. ഏത് നിമിഷം വേണമെങ്കിലും ദൈവം വന്ന് ചോദിക്കാം; ''ഭോഷാ, ഈ രാത്രി നിൻെറ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതാകും?'' അതുകൊണ്ട് ദൈവത്തിലാശ്രയിച്ച് ജീവിക്കുക... പങ്കുവച്ച് ജീവിക്കുക!

കർത്താവ് തന്നെ കേൾക്കുന്ന ജനങ്ങളോട് പറയുകയാണ്; ''എന്റെ മക്കളെ, എന്തു തിന്നുമെന്നോ എന്തു കുടിക്കുമെന്നോ നിങ്ങൾ അന്വേഷിക്കേണ്ടാ; ആകുലചിത്തരാവുകയും വേണ്ടാ. ഈ ലോകത്തിൻെറ ജനതകളാണ് ഇതെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്ക് ഇതെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ പിതാവിനറിയാം. നിങ്ങൾ ചെയ്യേണ്ടത് ഒന്നുമാത്രം, അവിടുത്തെ രാജ്യം അന്വേഷിക്കുക. അങ്ങനെയെങ്കിൽ ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്കു ലഭിക്കും.'' ക്രിസ്തു നൽകുന്നത് വലിയ ഒരു ഉറപ്പാണ്. ദൈവത്തിന്റെ രാജ്യം അന്വേഷിക്കുന്നവരെ, അവിടുത്തെ രാജ്യത്തിനുവേണ്ടി പോരാടുന്നവരെ ദൈവം തന്റെ അനുഗ്രഹങ്ങൾകൊണ്ട് സമ്പന്നരാക്കും എന്നുള്ള വലിയ ഉറപ്പ്. ചുരുക്കത്തിൽ, അനുഗ്രഹങ്ങൾക്കൊണ്ട് സമ്പന്നരാകാൻ നീ ആഗ്രഹിക്കുന്നുണ്ടോ, അങ്ങനെയെങ്കിൽ ദൈവത്തിലാശ്രയിക്കാൻ പഠിക്കുക... സമ്പൂർണ്ണസമർപ്പണത്തിന് തയ്യാറാവുക!

സമ്പത്തിനെകുറിച്ചുള്ള ക്രിസ്തുവിന്റെ പഠനം "പഴകിപ്പോകാത്ത പണസഞ്ചികൾ സ്വർഗത്തിൽ കരുതിവയ്ക്കുവിൻ" എന്നതാണ്!

ഒരു രാജാവും അയാളുടെ വഴികാട്ടിയും കാട്ടിലൂടെ സഞ്ചരിക്കുകയായിരുന്നു. യാത്രക്കിടെ ദാഹം ശമിപ്പിക്കുവാൻ കരിക്ക് ചെത്തുമ്പോൾ രാജാവിന്റെ വിരൽ തുമ്പ് അറ്റുപോയി. വേദനകൊണ്ട് പുളയുന്ന രാജാവിനോട് വഴികാട്ടി ഇങ്ങനെ പറഞ്ഞു;

''വിഷമിക്കേണ്ട പ്രഭോ, എല്ലാം നല്ലതിനായിരിക്കും.....''

ആ ഉപദേശം രാജാവിന് തീരെ ദഹിച്ചില്ല. കോപംകൊണ്ട് രാജാവ് വഴികാട്ടിയെ അടുത്തുകണ്ട ഒരു പൊട്ടകിണറിലേക്ക് തള്ളിയിട്ടു. അങ്ങിനെ ആ കൊടും വനത്തിൽ തനിയെ നടന്നു വഴി തെറ്റിയ രാജാവിനെ, നരബലിക്കു ആളിനെ തേടിയ കുറെ കാട്ടുമനുഷ്യർ പിടിച്ചുകെട്ടി തങ്ങളുടെ വാസസ്ഥലത്തു കൊണ്ടുപോയി. താമസിയാതെ കാട്ടുമൂപ്പൻ വന്ന് രാജാവിനെ അടിമുടി പരിശോധിക്കുന്നതിനിടയിൽ രാജാവിന്റെ വിരൽ മുറിഞ്ഞത് മൂപ്പൻ കണ്ടു. വൈകല്യമുള്ള ഒരാളെ നരബലിക്ക് യോജിക്കാത്തത് കൊണ്ട് ആ മനുഷ്യനെ പിടിച്ച സ്ഥലത്തു തന്നെ തിരികെ വിടുവാൻ മൂപ്പൻ കൽപ്പിച്ചു.

അപ്പോഴാണ് രാജാവിന് വഴികാട്ടിയുടെ വാക്കുകൾ ഓർമവന്നത്. രാജാവ് വേഗം പൊട്ടകിണറിന്റെ അടുത്ത് ചെന്ന് വഴികാട്ടിയെ കിണറ്റിൽ നിന്നും കയറ്റി ക്ഷമ ചോദിച്ചു. പക്ഷെ വഴികാട്ടിയുടെ മറുപടി ഇങ്ങനെ ആയിരുന്നു:

“ക്ഷമ ചോദിക്കേണ്ട കാര്യമൊന്നുമില്ല പ്രഭോ... ഒരു കണക്കിന് അങ്ങെന്നെ പൊട്ടകിണറിൽ തള്ളിയിട്ടത് നന്നായി. ഇല്ലേൽ അവർ നരബലിക്ക് വേണ്ടി എന്നെ തിരഞ്ഞെടുക്കുമായിരുന്നു...”

നമ്മുടെ ജീവിതത്തിൽ യാദൃശ്ചികം എന്നു തോന്നുന്ന കാര്യങ്ങൾക്കും ദൈവത്തിനു ഒരു ഉദ്ദേശമുണ്ട്. നാം ആ സന്ദർഭത്തിലും ദൈവത്തെ വാസ്ഥവമായി സ്നേഹിക്കുമെങ്കിൽ ദൈവം അവയെ നമ്മുടെ ആത്യന്തികമായ നന്മയ്ക്കായി കൂടിവ്യാപരിപ്പിക്കും. ഈ ബോദ്ധ്യം രൂഢമൂലമാകാൻ അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട നന്മയുടെ പേരാണ് ദൈവപരിപാലനയിലാശ്രയം എന്നത്. എന്നെ സൃഷ്ടിച്ചവൻ എന്നെ പരിപാലിക്കും എന്നുള്ള തിരിച്ചറിവ്... എന്നെ കാക്കുന്നവൻ എനിക്കായ് കരുതിവയ്ക്കും എന്നുള്ള ബോദ്ധ്യം...

പൂർവ്വപിതാവായ ജോസഫിലേയ്ക്ക് ഒരു എത്തിനോട്ടം നടത്തുക. പിതാവായ യാക്കോബ് തന്റെ വാർദ്ധിക്യത്തിലെ പുത്രനായ ജോസഫിനെ തങ്ങളെക്കാളധികമായി സ്നേഹിക്കുന്നു എന്നു കണ്ടപ്പോൾ സഹോദരൻമാർ അവനെ വെറുത്തു. അതുകൊണ്ട്, ജോസഫിന്റെ സഹോദരൻമാർ അവൻ ധരിച്ചിരുന്ന കൈനീളമുള്ള പുറംകുപ്പായം ഊരിയെടുത്തു അവനെ ഒരു പൊട്ടകിണറിൽ തള്ളിയിട്ടു. തുടർന്ന്, അവനെ ഇരുപതു വെള്ളിക്കാശിന് ഇസ്മായേല്യർക്കു വിറ്റു. പക്ഷെ, ദൈവം ജോസഫിന് വേണ്ടി കരുതിയ പദ്ധതികൾ അൽഭുതാവഹമായിരുന്നു.

ദൈവപരിപാലനയിൽ ആശ്രയിച്ച അവനെ സ്വപ്നങ്ങൾ വ്യാഖ്യാനിക്കുന്നതിൽ അഗ്രകണ്യനാക്കി. ഫറവോന്റെ സ്വപ്നം വ്യാഖ്യാനിച്ചതിന്റെ പേരിൽ അവനെ ഫറവോയോളം ഉയർത്തി. ഈജിപ്തുരാജ്യത്തിനു മുഴുവൻ അധിപനായി അവനെ നിയമിച്ചിരിക്കുന്നു. ദൈവം അവനെ ആകാശം മുട്ടെ ഉയർത്തിയിട്ടും അഹംങ്കാരമില്ലാതെ വിനയത്തോടെ ദൈവതിരുമുമ്പിൽ അവൻ നിലയുറപ്പിച്ചു. ലോകം കണ്ട ക്ഷാമവറുതിയിൽ റേഷന് വേണ്ടി തന്റെ മുമ്പിൽ നിൽക്കുന്ന തന്നെ പീഢിപ്പിച്ച തന്റെ സഹോദരങ്ങളോട് അവൻ പറയുന്നത് ശ്രദ്ധിക്കുക;

“നിങ്ങൾ ഈജിപ്തുകാർക്കു വിറ്റ നിങ്ങളുടെ സഹോദരൻ ജോസഫാണു ഞാൻ. എന്നെ ഇവിടെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ടാ. കാരണം, ജീവൻ നിലനിർത്താൻവേണ്ടി ദൈവമാണ് എന്നെ നിങ്ങൾക്കുമുൻപേ ഇങ്ങോട്ടയച്ചത്.”

ഇതിനെയാണ് ദൈവപരിപാലനയിലാശ്രയം എന്നു പറയുന്നത്. ചുരുക്കത്തിൽ, വാ കീറിയവൻ ഇലയും തരും എന്നുള്ള ബോദ്ധ്യം!

ഭൗതീകസമ്പത്ത്
നശ്വരമാണ്...
എന്നാൽ,
ദൈവാശ്രയം
അനശ്വരമാണ്!
നിത്യജീവൻ
സമ്മാനിക്കുന്നത്
ഈ ദൈവാശ്രയമാണ്...

“പുൽക്കൊടികൾ വാടിക്കരിയുന്നു;
പൂക്കൾ കൊഴിഞ്ഞുവീഴുന്നു.
എന്നാൽ, കർത്താവിന്റെ വചനം നിത്യം നിലനിൽക്കുന്നു.”

1 പത്രോസ് 1,24

ഫാ. ജോബി മേനോത്ത്
+91 944 7777 931